**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6203** **09-11-2021 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക സാംസ്കാരിക വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലകളിൽ വിപുലമായ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ സാംസ്കാരിക രംഗത്ത് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ; | (എ) | എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങളിൽ ഓരോന്നിലും നൃത്ത, സംഗിത, നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സാകര്യങ്ങൾ, ഓപ്പൺ എയർ തീയേറ്റർ, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്. ഓരോ സമുച്ചയത്തിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമായിരിക്കും. നാടിന്റെ കലാസാംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതിയിൽ നൃത്ത, സംഗീത, നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു അവസരം ഉള്ള കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. |
| (ബി) | പ്രാദേശിക സാംസ്കാരിക വികസനം സാധ്യമാക്കുന്നതിനും യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിൻെറ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. അതാതു പ്രദേശത്തെ കലാകരകൗശല വിദ്യയിൽ പ്രാവീണ്യം നേടിയവരുടെ സ്വയം സഹായ സംഘങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല-സൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് "നാട്ടരങ്ങ്". ഈ പദ്ധതിയിലൂടെ പ്രാദേശിക സാംസ്കാരിക വികസനമാണ് ലക്ഷ്യമിടുന്നത്. പ്രമുഖ സാഹിത്യകാരന്മാരുടേയും എഴുത്തുകാരുടേയും സാംസ്കാരിക വ്യക്തിത്വങ്ങളുടേയും സ്മാരകങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കു ന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് "കലാ/ സാഹിത്യ വ്യക്തികളുടെ സ്മാരകങ്ങൾക്കുള്ള സഹായം". ഇത്തരം സ്ഥാപനങ്ങൾ അതാത് പ്രദേശത്തെ കലാസാംസ്കാരിക വികസനത്തിനായി നിലകൊള്ളുന്നവയാണ്. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1000 കലാകാരന്മാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കിഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ഈ കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്ന പദ്ധതിയാണ് "വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി". ഈ പദ്ധതിയിലൂടെ യുവകലാകാരന്മാരെ പ്രോത്സാഹനം നൽകുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ വഴി സാംസ്കാരിക വികസനം സാധ്യമാക്കാനും യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ